**ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്.**

**പുറപ്പെടുവിക്കുന്നത് ഃ കെ.ജി.മോഹൻലാൽ, IFS**

വിഷയം : വനം വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സീനിയർ ക്ലാർക്ക് ശ്രീ.കെ.പ്രേമാനന്ദൻ ഫയൽ ചെയ്ത O.A-1396/2014 നമ്പർ കേസ്സിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 23.01.2015 ന് പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ശ്രീ.കെ.പ്രേമാനന്ദന് ഹെഡ് അക്കൗണ്ടന്റ്, ജൂനിയർ സൂപ്രണ്ട് തസ്തികകളിലേയ്ക്ക് നോഷണലായി സ്ഥാനക്കയറ്റം നൽകികൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

സൂചന :
1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ O.A-1396/2014 നമ്പർ കേസ്സിൽ 23.01.2015 ന് പുറപ്പെടുവിച്ച ഉത്തരവ്.
2. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫേറസ്റ്റ് കൺസർവേറ്ററുടെ 04.05.2015 ലെ ഇ5-33989/14 നമ്പർ ഉത്തരവ്.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫേറസ്റ്റ് കൺസർവേറ്ററുടെ 24.06.2004 ലെ ഇ5-19294/01 നമ്പർ ഉത്തരവ്.
4. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫേറസ്റ്റ് കൺസർവേറ്ററുടെ 22.07.2009 ലെ ഇ5-17771/09 നമ്പർ ഉത്തരവ്.
5. വനം വകുപ്പാസ്ഥാനത്തെ സീനിയർ അഡ്മിനി-സ്ട്രേറ്റീവ് ഓഫീസറുടെ 22.02.2011 ലെ ഇ3-5555/10 നമ്പർ ഉത്തരവ്.
6. വനം വകുപ്പാസ്ഥാനത്തെ സീനിയർ അഡ്മിനി-സ്ട്രേറ്റീവ് ഓഫീസറുടെ 05.10.2013 ലെ ഇ3-6000/10 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ3-12113/2014 തീയതി 21/05/2015.**

വനം വകുപ്പിൽ തിരുവനന്തപുരം, റിസർച്ച് സൗത്ത് ഡിവിഷൻ, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.കെ. പ്രേമാനന്ദൻ തന്റെ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി പുനഃസ്ഥാപിക്കുന്നതിനായി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A-1396/2014 നമ്പർ കേസ്സ് ബഹു. കേരള

അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരിഗണിച്ച് പരാതിക്കാരന് 1993-ൽ ഇടുക്കി ജില്ലയിലേയ്ക്കും 1997-ൽ തിരുവനന്തപുരം ജില്ലയിലേയ്ക്കും നൽകിയ സ്ഥലംമാറ്റം അന്തർജില്ലാ സ്ഥലംമാറ്റമായി കണക്കാക്കുവാൻ കഴിയുകയില്ലായെന്നു കണ്ടെത്തുകയും, ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ 10.04.1989 തീയതി പ്രാബല്യത്തിൽ സീനിയോറിറ്റിക്ക് അർഹതയുണ്ടെന്നും പ്രസ്തുത സീനിയോറിറ്റി അടിസ്ഥാനമാക്കി യു.ഡി.ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിക്കുന്നതിനുള്ള യോഗ്യത നേടിയ മുറയ്ക്ക് ഒഴിവിന്റെ ലഭ്യതയനുസരിച്ച് യു.ഡി.ക്ലാർക്കായി സ്ഥാനക്കയറ്റം നൽകണമെന്നും സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ സൂചന (1) ഉത്തരവ് നടപ്പിൽ വരുത്തുന്നതിനായി ശ്രീ.കെ.പ്രേമാനന്ദന്റെ എൽ.ഡി.ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി സൂചന (3) പ്രകാരം പ്രസിദ്ധീകരിച്ച 01.01.2001 തീയതി കണക്കാക്കിയുള്ള ക്ലാർക്കുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ (38) ശ്രീ. പി.കെ. പഷ്പാകരനും ക്രമ നമ്പർ (39) ശ്രീമതി എ.സി. ലീലാമ്മയ്ക്കും മദ്ധ്യേ ക്രമ നമ്പർ 38(എ) ആയി നിശ്ചയിച്ചുകൊണ്ടും യു.ഡി.ക്ലാർക്ക് തസ്തികയിൽ 06.05.2000 തീയതി മുതൽ പ്രാബല്യത്തിൽ നോഷണലായി സ്ഥാനക്കയറ്റം അനുവദിച്ച് സൂചന (4) പ്രകാരം പ്രസിദ്ധീകരിച്ച യു.ഡി.ക്ലാർക്കുമാരുടെ 01-07-2009 തീയതി കണക്കാക്കിയുളള സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ (34) ശ്രീമതി. വി. സുനിത കുമാരിക്കും ക്രമ നമ്പർ (35) ശ്രീ.ഒ.കെ. ഗംഗാധരനും മദ്ധ്യേ ക്രമ നമ്പർ 34 (എ) ആയും പുനഃക്രമീകരിച്ച്കൊണ്ട് സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

സൂചന (2) ഉത്തരവ് പ്രകാരം ശ്രീ.കെ.പ്രേമാനന്ദന്റെ യു.ഡി.ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി പുനഃക്രമീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ ശ്രീ.കെ.പ്രേമാനന്ദന്റെ തൊട്ടടുത്ത ജൂനിയറായ ശ്രീ.ഒ.കെ. ഗംഗാധരന് ഹെഡ് അക്കൗണ്ടന്റായി സൂചന (5) പ്രകാരം സ്ഥാനക്കയറ്റം നൽകിയിരുന്നു. ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിക്കുന്നതിന് മുമ്പ് ശ്രീ.ഒ.കെ. ഗംഗാധരൻ സർവ്വീസിൽ നിന്നും വിരമിക്കുകയുണ്ടായി. ശ്രീ. ഒ.കെ.

ഗംഗാധരന്റെ തൊട്ടടുത്ത ജൂനിയറായ ശ്രീ.പി.കെ. രാമചന്ദ്രന് സൂചന (6) ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ.കെ. പ്രേമാനന്ദന് ടിയാന്റെ തൊട്ടടുത്ത ജൂനിയറായ ശ്രീ.ഒ.കെ. ഗംഗാധരന് ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം നൽകിയ ഉത്തരവു തീയതിയായ 22.02.2011 തീയതി പ്രാബല്യത്തിൽ ഹെഡ് അക്കൗണ്ടന്റായും ശ്രീ.ഒ.കെ. ഗംഗാധരന് തൊട്ടടുത്ത ജൂനിയറായ ശ്രീ.പി.കെ. രാമചന്ദ്രനു ജൂനിയർ സൂണ്ടായി സ്ഥാനക്കയറ്റം നൽകിയ ഉത്തരവ് തീയതിയായ 05.10.2013 തീയതി പ്രാബല്യത്തിൽ ജൂനിയർ സൂപ്രണ്ടായും നോഷണലായി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു. ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നോഷണലായി സ്ഥാനക്കയറ്റം അനുവദിച്ച ശ്രീ.കെ.പ്രേമാനന്ദനെ വനം വകുപ്പാസ്ഥാനത്ത് വികസന വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ നിലവിലുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവിൽ നിയമനം നൽകിക്കൊണ്ട് ഉത്തരവാകുന്നു.

മേൽ ഉത്തരവ് പ്രകാരം മുൻകാല പ്രാബല്യത്തിൽ നോഷണലായി സ്ഥാനക്കയറ്റം അനുവദിച്ചതുമൂലം ശമ്പള കുടിശ്ശികയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

**അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ**
**(ഭരണം)**

**<u>പകർപ്പ് :</u>**

1 ശ്രീ.കെ. പ്രേമാനന്ദൻ, സീനിയർ ക്ലാർക്കിന് (മേലധികാരി മുഖാന്തരം)
2 ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, റിസർച്ച് സൗത്ത്, തിരുവനന്തപുരം
3 അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്.) വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
4. അഡിഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വികസനം)